# പതിനാലാം കേരളനിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 3349 10.12.2018 ൽ മറുപടിക്ക്

## വില്ലേജ് ഓഫീസുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം

**ചോദ്യം**

**ശ്രീ.എ.എം. ആരിഫ്**

**ഉത്തരം**

**ശ്രീ.ഇ.ചന്ദ്രശേഖരൻ**
(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

(എ) ലാന്റ് റവന്യൂ കമ്മീഷണറേറ്റിൽ നിന്നും റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിക്കയച്ച എൽ.ആർ.എൻ. 4-13036/17 തീയതി 23.03.18 നമ്പർ കത്തിലെ ശിപാർശ പ്രകാരം വില്ലേജ് ഫീൽഡ് അസിസ്റ്റന്റുമാരിൽ 50% പേരെ എൽ.ഡി./വി.എ./ ഫ്രണ്ട് ഓഫീസ് അസിസ്റ്റന്റ് തസ്തികകളിലേക്ക് മാറ്റി നിയമിക്കുന്നത് സംബന്ധിച്ച നിർദ്ദേശം നടപ്പിലാക്കുമോ;

(ബി) വില്ലേജ് ഓഫീസുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുവാൻ തീരുമാനം എടുക്കുമോ; എങ്കിൽ നിലവിലുള്ള ജീവനക്കാരെ ഫ്രണ്ട് ഓഫീസ് അസിസ്റ്റന്റുമാരായി നിയമിക്കുമോ; ഏത് കാറ്റഗറിയിലുള്ള ജീവനക്കാരെയാണ് അതിനായി നിയോഗിക്കുന്നത്;

(എ) & (ബി) റവന്യൂ വകുപ്പിലെ വില്ലേജ് ഫീൽഡ് അസിസ്റ്റന്റുമാരുടെ 50% തസ്തികകൾ അപ് ഗ്രേഡ് ചെയ്ത് വില്ലേജ് അസിസ്റ്റന്റ് തസ്തികയാക്കണമെന്നാവശ്യപ്പെട്ട് സർക്കാരിന് ലഭിച്ച നിവേദനത്തിന്മേൽ 23.03.2018 ലെ എൽ.ആർ.എൻ.4/13036/17 -ാം നമ്പർ കത്ത് പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ സമർപ്പിച്ച റിപ്പോർട്ടിൽ വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് തസ്തികയുടെ 50% തസ്തികകൾ അപ് ഗ്രേഡ് ചെയ്ത് വില്ലേജ് അസിസ്റ്റന്റ് തസ്തികയാക്കിയാൽ വില്ലേജ് ആഫീസുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം നടപ്പിലാക്കാൻ കഴിയുമെന്ന് ലാൻഡ് റവന്യൂ കമ്മീഷണർ അറിയിച്ചിരുന്നു. ഇക്കാര്യം സർക്കാർ പരിശോധിച്ച് വരികയാണ്.

| | | | |
|---|---|---|---|
| (സി) | വാട്ട്സ് ആപ്പ് വഴി നോട്ടീസ് നടത്തുകയും അത് കക്ഷി കാണുകയും ചെയ്താൽ നോട്ടീസ് നടത്തിയതായി കണക്കാക്കണമെന്ന് കോടതി പോലും അംഗീകരിച്ച സാഹചര്യത്തിൽ വില്ലേജ് ഓഫീസുകളിലെ ആർ.ആർ നോട്ടീസുകളും ഉത്തരവുകളും നടത്തുന്നതിന് ഇത്തരം മാർഗങ്ങൾ ഉപയോഗിക്കാമോ? | (സി) | ഈ വിഷയം തത്ക്കാലം സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ